**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2028** **14-10-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദേശീയ മാധ്യമങ്ങളുമായുള്ള അഭിമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്വർണ്ണ കള്ളക്കടത്തിനെതിരെ കർശന നടപടി സ്വീകരിച്ചതിനാൽ മുഖ്യമന്ത്രിക്കെതിരെ മാഫിയ പ്രവർത്തിക്കുന്നുവെന്ന രീതിയിലുള്ള ഒരു പത്രക്കുറിപ്പ് ഡൽഹിയിലെ മാധ്യമ സ്ഥാപനങ്ങളിൽ ഒരു ഏജൻസി എത്തിച്ച് നൽകിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യപുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്. മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി. ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല. |
| (ബി) | ഇത്തരമൊരു വാർത്തക്കുറിപ്പ് നൽകുന്നതിനായി സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ ഏത് ഏജൻസിയാണ് ഇത്തരമൊരു വാർത്താക്കുറിപ്പ് വിതരണം ചെയ്തതെന്ന് അന്വേഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യപുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്. മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി. ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) | ദേശീയ മാധ്യമങ്ങളുമായി മുഖ്യമന്ത്രി നടത്തുന്ന അഭിമുഖത്തിൽ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട ചോദ്യം സ്വാഭാവികമായി ഉയർന്നുവരുന്ന | (സി) | മുഖ്യമന്ത്രി 'ദി ഹിന്ദു' പത്രത്തിന് നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാർശം നടത്തിയിട്ടില്ല. ഇക്കാര്യം വ്യക്തമാക്കി 'ദി ഹിന്ദു' |

| | | | |
|---|---|---|---|
| | സാഹചര്യം ഒരുക്കുകയും തുടർന്ന് ബോധപൂർവ്വം മലപ്പുറം ജില്ലയുമായി ബന്ധപ്പെടുത്തിയ പരാമർശം കൂട്ടിച്ചേർക്കുകയും ചെയ്ത പി. ആർ. ഏജൻസിയുടെ നടപടിയിൽ എന്തെങ്കിലും ഗൂഢാലോചനയുള്ളതായി സംശയിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ